ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം:DGE/8220/2026-NM(A1)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം, തീയതി : 11-05-2026

ഇ-മെയിൽ : supdtnma.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,

തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-സ്കൂൾ ഉച്ച ഭക്ഷണപദ്ധതി 2026- 2027 -പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 1.2025 -20226 വർഷത്തെ 29.05.2025 തീയതിയിലെ DGE/9388/2025-NM(A1) ഉച്ച ഭക്ഷണ സർക്കുലർ

******************

സംസ്ഥാനത്ത് സ്കൂൾ വേനലവധിക്ക് ശേഷം 2026-27 അധ്യയനവർഷം സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായി സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

1) പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ സ്കൂളുകളിലും ജൂൺ 1 മുതൽ തന്നെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ, ഉപജില്ലാ തലങ്ങളിൽ നിന്ന് പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകുകയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട

മുന്നൊരുക്കങ്ങളും തയ്യാറെടുപ്പുകളും അവലോകനം ചെയ്യേണ്ടതുമാണ്.

2) പി.ടി.എ, എസ്.എം.സി എന്നിവയുടെ നേതൃത്വത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും, ആരോഗ്യ വകുപ്പിന്റേയും സഹായത്തോടെയും സഹകരണത്തോടെയും സ്കൂൾ തുറക്കുന്നതിന് മുൻപായി സ്കൂളുകളിനെ അണുവിമുക്തമാക്കുന്നതിനും സംഭരണികളും കിണറുകളും വൃത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. കുടിവെള്ളം തിളപ്പിച്ചാറ്റിയതിന് ശേഷം മാത്രമേ കുട്ടികൾക്ക് നൽകാവൂ എന്ന കർശന നിർദ്ദേശവും സ്കൂളുകൾക്ക് നൽകേണ്ടതാണ്.

3) പദ്ധതിയുടെ പരിധിയിൽ വരുന്ന വരുന്ന ക്ലാസ്സുകളിലെ (എട്ടാം ക്ലാസ്സ് വരെ) ആകെ എൻറോൾമെൻറ്, പദ്ധതിയിൽ ചേർന്ന് കുട്ടികളുടെ ക്ലാസ്സ് തിരിച്ചുള്ള എണ്ണം (ഫീഡിങ് സ്ട്രെങ്ത് എന്നിവ പദ്ധതിയുടെ സ്റ്റേറ്റ് സോഫ്റ്റ്വെയറിൽ കൃത്യമായി രേഖപ്പെടുത്തുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

4) ഓരോ ദിവസവും ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ ഹാജർ അതാത് ദിവസം ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി ഉച്ചഭക്ഷണ പദ്ധതിയുടെ സ്റ്റേറ്റ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യണമെന്ന കർശന നിർദ്ദേശം സ്കൂളുകൾക്ക് നൽകേണ്ടതും ഡാറ്റ അപ്ഡേഷൻ ജില്ലാ, ഉപജില്ലാ തലങ്ങളിൽ നിന്ന് ദിവസേന മോണിറ്റർ ചെയ്യുകയും ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി എല്ലാ സ്കൂളുകളും സോഫ്റ്റ്വെയറിൽ ഡാറ്റ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

5) പദ്ധതിയുടെ സ്റ്റേറ്റ് സോഫ്റ്റ്വെയറിൽ സ്കൂളുകൾ രേഖപ്പെടുത്തിയിട്ടുള്ള UDISE കോഡ് പരിശോധിച്ച് തെറ്റുണ്ടെങ്കിൽ അത് തിരുത്തി ശരിയായ കോഡ് രേഖപ്പെടുത്തുവാൻ (30.5.2026 നകം) സ്കൂളുകൾക്കും ഇത് പരിശോധിക്കുവാൻ ഉപജില്ലകൾക്കും അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

6) സ്കൂളുകളിൽ നീക്കിയിരിപ്പ് വന്ന അരി ഭക്ഷ്യയോഗ്യമാണോ എന്ന് പരിശോധിക്കുവാൻ പ്രഥമാദ്ധ്യാപകർക്കും സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾക്കും കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ഭക്ഷ്യയോഗ്യമെങ്കിൽ മാത്രം പ്രസ്തുത അരി തുടർന്നും ഉപയോഗിക്കുവാൻ അനുമതിയും നൽകേണ്ടതുമാണ്

7) ജൂൺ മാസം സ്കൂളുകൾക്ക് 30 ദിവസത്തേക്കുള്ള അരി പാസ്സാക്കി നൽകുവാൻ

ഉപജില്ലകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. പാസ്സാക്കിയ അരിയുടെ ഇൻഡന്റുകൾ 27.05. 2026 നോ അതിന് മുൻപായോ ബന്ധപ്പെട്ട മാവേലിസ്റ്റോറുകളിൽ/ഡിപ്പോകളിൽ സമർപ്പിക്കേണ്ടതാണ്. സ്കൂളുകളിൽ നീക്കിയിരുപ്പുള്ള അരി ഭക്ഷ്യയോഗ്യമെങ്കിൽ, ടി അരിയുടെ അളവ് കുറവ് ചെയ്ത് വേണം സ്കൂളുകൾക്ക് ജൂൺ മാസത്തെ അരി പാസ്സാക്കി നൽകുവാൻ. ഇതിനായി, നീക്കിയിരുപ്പുള്ള അരിയുടെ അളവ് കൃത്യമായി പദ്ധതിയുടെ സ്റ്റേറ്റ് സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

8) ഉപജില്ലകൾ മാവേലിസ്റ്റോറുകളിൽ/ഡിപ്പോകളിൽ പാസ്സാക്കി നൽകുന്ന അരി 30.5.2026 ന് കൈപ്പറ്റുവാൻ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

9) ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളെല്ലാം കൃത്യമായ സാക്ഷ്യപ്പെടുത്തലോടെ പരിപാലിക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

10) സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി ഗുണഭോക്താക്കളായ കുട്ടികൾക്ക് പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവ നൽകുന്ന പദ്ധതി, സ്കൂൾ തുറക്കുന്ന ദിവസം മുതൽ തന്നെ ആരംഭിക്കണം. ആഴ്ചയിൽ രണ്ട് ദിവസം തിളപ്പിച്ചാറ്റിയ പാലും (150 മില്ലിലിറ്റർ വീതം) ഒരു ദിവസം പുഴുങ്ങിയ മുട്ടയുമാണ് കുട്ടികൾക്ക് നൽകേണ്ടത്. മുട്ട കഴിക്കാത്ത കുട്ടികൾക്ക് മുട്ടയ്ക്ക് പകരം നേന്ത്രപ്പഴം നൽകണം.

11) ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന കുട്ടികളിൽ, താത്പര്യമുള്ള കുട്ടികളെ മാത്രമാണ് സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിയിൽ ഗുണഭോക്താക്കളായി ചേർക്കേണ്ടത്. പ്രസ്തുത കുട്ടികളുടെ ക്ലാസ്സ് തിരിച്ചുള്ള പേര് വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കി കൃത്യമായ സാക്ഷ്യപ്പെടുത്തലോടെ ജൂൺ 15 ന് മുൻപായി ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയങ്ങളിൽ സമർപ്പിക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

12) പാൽ,മുട്ട/നേന്ത്രപ്പഴം നൽകുന്ന ദിവസം അത് കഴിക്കുന്ന കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച് പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിയിൽ ചേരുകയും എന്നാൽ പാലും മുട്ടയും കൃത്യമായി വാങ്ങി കഴിക്കാതിരിക്കുകയും ചെയ്യുന്ന കുട്ടികളെ പദ്ധതിയിൽ നിന്ന് ഒഴിവാക്കുവാനുള്ള നിർദ്ദേശം സ്കൂളുകൾക്ക് നൽകേണ്ടതാണ്.

13) സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിയുടെ ചെലവുകളുമായി ബന്ധപ്പെട്ട ബില്ലുകളും മറ്റ്

രേഖകളും പ്രത്യേകമായി സൂക്ഷിക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

14) പാചകപ്പുര, ഭക്ഷ്യധാന്യവും മറ്റ് ഭക്ഷ്യ വസ്തുക്കളും സൂക്ഷിച്ചിരിക്കുന്ന സ്റ്റോർ മുറി, ഡൈനിംഗ് ഹാൾ, പാചകപ്പുരയുടെ പരിസരം എന്നിവ വൃത്തിയോടെ പരിപാലിക്കുവാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

15) ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അങ്ങയറ്റം കരുതലോടും ശ്രദ്ധയോടും കൂടി വേണം ഭക്ഷണം പാചകം ചെയ്ത് കുട്ടികൾക്ക് നൽകുവാൻ എന്നുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും നൽകേണ്ടതാണ്.

16) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിഷ്കരിച്ച ലോഗോ (PM POSHAN) സ്കൂളുകളുടെ പ്രവേശന കവാടങ്ങളിൽ വ്യക്തമായി പ്രദർശിപ്പിക്കുവാനും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളുടെയും പുറം ചട്ടകളിൽ പതിക്കുവാനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

17) കേന്ദ്ര വിദ്യാഭ്യാസമന്ത്രാലയത്തിൻറെ എം.ഐ.എസ് Software-ൽ (https://pmposhan mis.education.gov.in), 2026-27 ആന്വൽ ഡാറ്റാ എൻട്രി ജൂൺ മാസം 30 നുള്ളിലും ഓരോ മാസത്തേയും ഡാറ്റ എൻട്രി (Monthly Entry) തൊട്ടടുത്ത
മാസം അഞ്ചാം തീയതിക്ക് മുൻപായും പൂർത്തീകരിക്കുവാൻ ഉപജില്ലകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

18) സ്കൂൾ തുറക്കുന്നതോടെ ആരോഗ്യ പരിപാടിയുമായി (School Health Programme) ബന്ധപ്പെട്ട പ്രവർത്തനങ്ങളും ആരംഭിക്കണം. ആരോഗ്യ വകുപ്പ്, ദേശീയ ആരോഗ്യ മിഷൻ (എൻ.എച്ച്.എം) എന്നിവയുമായി സഹകരിച്ച് സ്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിക്കണം.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി, സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടി, സ്കൂൾ ആരോഗ്യ പരിപാടി എന്നിവയുമായി ബന്ധപ്പെട്ട വിശദമായ സർക്കുലർ 2026 ജൂൺ ആദ്യവാരം തന്നെ പുറപ്പെടുവിക്കുന്നതാണ്.

വിശ്വസ്തതയോടെ,

Digitally signed by
R S Shibu
Date: 11-05-2026
21:31:12

ഷിബു.ആർ .എസ്

പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ (ജനറൽ )